കോതമംഗലം രൂപത ബുള്ളറ്റിൻ

# ദൈവരാജ്യം

മെയ് 2020 വാല്യം 59 ലക്കം 5





ഇടുക്കി രൂപതയുടെ പ്രഥമ ഇടയൻ

മാർ മാത്യു ആനിക്കുഴിക്കാട്ടിൽ പിതാവിന്

# ആദരാഞ്ജലികൾ

കോതമംഗലം രൂപത ബുള്ളറ്റിൻ

# ദൈവരാജ്യം

മെയ് 2020 വാല്യം 59 ലക്കം 5

## ഉള്ളടക്കം

5 സർക്കുലർ
8 രൂപതക്കച്ചേരി
9 മൈനർ സെമിനാരി
9 വിജ്ഞാനഭവൻ
10 ചെറുപുഷ്പ മിഷൻലീഗ്
11 യുവദീപ്തി
13 അല്മായ ഫ്രാൻസിസ്കൻ സഭ
14 കേരള ലേബർ മൂവ്മെന്റ്
14 നമ്മുടെ പ്രാർത്ഥനയിൽ ഓർക്കാം
14 നിര്യാതയായി




**Patron**

MAR GEORGE MADATHIKANDATHIL
(Bishop of Kothamangalam)

**Editor**

REV. FR. JOSE PULLOPPILLIL

**Printer & Publisher**

REV. DR. GEORGE THEKKEKARA

The Eparchial Curia, Bishop's House, P.B. No. 6
Kothamangalam - 686 691
8281946306 bishophouseklm@gmail.com

## പള്ളിയിൽ അറിയിക്കുവാൻ

Page 8 ജൂബിലി സ്മാരക സ്കോളർഷിപ്പ്
Page 9 വൊക്കേഷൻ ക്യാമ്പ്


## തിരുനാളുകൾ




**1**
തൊഴിലാളി മദ്ധ്യസ്ഥനായ വി. യൗസേപ്പ്




**10**
മാർ അദ്ദായി



**2**
വി. അത്തനേഷ്യസ്




**14**
വി. മത്തിയാസ് ശ്ലീഹ



**3**
വി. ഫിലിപ്പോസ്, വി. യാക്കോബ്



**21**
കർത്താവിന്റെ സ്വർഗാരോഹണം



**6**
വി. ഡൊമിനിക് സാവിയോ



**30**
പരി. കന്യകാമറിയത്തിന്റെ സന്ദർശനം

ദൈവകൃപയാൽ

കോതമംഗലം രൂപതയുടെ മെത്രാനായ

## മാർ ജോർജ് മഠത്തിക്കണ്ടത്തിൽ

നമ്മുടെ രൂപതയിലെ വൈദികസഹോദരന്മാർക്കും

സന്യാസിനീസന്യാസികൾക്കും

അല്മായ വിശ്വാസികൾക്കും എഴുതുന്നത്

വന്ദ്യസഹോദരരേ, പ്രിയ മക്കളേ,

ഇടുക്കി രൂപതയുടെ പ്രഥമ മെത്രാൻ അഭിവന്ദ്യ മാർ മാത്യു ആനിക്കുഴിക്കാട്ടിൽ പിതാവ് മെയ് 1-ാം തീയതി നിര്യാതനായ വിവരം നാമെല്ലാവരും ഇതിനോടകം അറിഞ്ഞുവല്ലോ. സമാനതകളില്ലാത്ത ആത്മീയ ഊർജ്ജവും ആത്മവിശ്വാസവും ഒരു ജനതയ്ക്കുമുഴുവൻ പകർന്നു നൽകി നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ട അഭിവന്ദ്യ പിതാവിന്റെ ഓർമ്മകൾക്കു മുമ്പിൽ അദ്ദേഹത്തിന്റെ മാതൃരൂപതയായ കോതമംഗലം രൂപതയുടെ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

ഏതാനും നാളുകളായി രോഗാവസ്ഥയിലും ചികിത്സയിലും ആയിരുന്ന അഭിവന്ദ്യ പിതാവിന്റെ ദേഹവിയോഗത്തിൽ ഇടുക്കി രൂപതയുടെ ദുഃഖത്തിൽ കോതമംഗലം രൂപതയും പങ്കുചേരുകയും ഇടുക്കി രൂപതാദ്ധ്യക്ഷൻ മാർ ജോൺ നെല്ലിക്കുന്നേൽ പിതാവിനോടും ബഹു. വൈദികരോടും സമർപ്പിതരോടും എല്ലാ വിശ്വാസികളോടും ഹൃദയംഗമമായ അനുശോചനം അറിയിക്കുകയും ചെയ്യുന്നു.

പാലാ രൂപതയിലെ കടപ്ലാമറ്റം ഇടവകയിൽ 1942-ൽ ജനിച്ച അഭിവന്ദ്യ പിതാവിന്റെ ചെറുപ്പത്തിൽതന്നെ അവരുടെ കുടുംബം ഹൈറേഞ്ചിലെ കുഞ്ചിത്തണ്ണിയിലേക്ക് കുടിയേറി. 10-ാം ക്ലാസ്സ് പഠനത്തിനുശേഷം 1960-ൽ അദ്ദേഹം കോതമംഗലം രൂപതാ മൈനർ സെമിനാരിയിൽ ചേരുകയും തുടർന്ന് കോട്ടയം വടവാതൂർ സെമിനാരിയിൽ തത്വശാസ്ത്രവും ദൈവശാസ്ത്രവും പഠിക്കുകയും ചെയ്തു. സെമിനാരി പരിശീലനം പൂർത്തിയാക്കിയ അദ്ദേഹം 1971 മാർച്ച് 15-ന് കുഞ്ചിത്തണ്ണി തിരുക്കുടുംബ ദൈവാലയത്തിൽവച്ച് അഭിവന്ദ്യ മാർ മാത്യു പോത്തനാമുഴി പിതാവിൽനിന്നാണ് പൗരോഹിത്യപട്ടം സ്വീകരിച്ചത്. തുടർന്നുള്ള 32 വർഷങ്ങൾ അദ്ദേഹം പുരോഹിത ശുശ്രൂഷ ചെയ്തത്

കോതമംഗലം രൂപതയിലാണ്. കോതമംഗലം കത്തീഡ്രൽ ഇടവകയിൽ അസി. വികാരി എന്ന നിലയിലാണ് അദ്ദേഹം തന്റെ അജപാലനശുശ്രൂഷ ആരംഭിക്കുന്നത്. തുടർന്ന് ജോസ്ഗിരി, എഴുകുംവയൽ, ചുരുളി എന്നീ ഇടവകകളിൽ വികാരിയായും സേവനം ചെയ്തു. പിന്നീട് കോതമംഗലം രൂപതയുടെ പാസ്റ്ററൽ സെന്റർ ആയിരുന്ന മൂവാറ്റുപുഴ ജീവജ്യോതി ഡയറക്ടറായി അദ്ദേഹം നിയമിതനായി. ഈ കാലയളവിൽ രൂപത ഫാമിലി അപ്പോസ്റ്റലേറ്റ്, മാർ മാത്യൂസ് പ്രസ്സ് എന്നിവയുടെ ചുമതലയും അദ്ദേഹം വഹിച്ചിരുന്നു. പ്രാരംഭനിലയിലായിരുന്ന ജീവജ്യോതി പാസ്റ്ററൽ സെന്ററിന്റെ വളർച്ചയ്ക്ക് അദ്ദേഹത്തിന്റെ സേവനം ഏറെ ഉപകരിച്ചിട്ടുണ്ട്. പാസ്റ്ററൽ സെന്ററിന്റെ സമീപവാസികളെ കോർത്തിണക്കി ആ പ്രദേശത്തിന് ഒരു ആത്മീയ ഉണർവ്വ് നൽകുവാനും അദ്ദേഹത്തിന് സാധിച്ചു.

1985-ൽ ഉപരിപഠനത്തിനായി പോയ അദ്ദേഹം 1989-ൽ ലുവൈൻ യൂണിവേഴ്സിറ്റിയിൽനിന്ന് ദൈവശാസ്ത്രത്തിൽ ഡോക്ടറേറ്റ് കരസ്ഥമാക്കി തിരികെവന്നു. തുടർന്ന് പൊട്ടൻകാട്, രണ്ടാർ എന്നീ ഇടവകകളിൽ ഏതാനും നാളുകൾ വികാരിയായി ശുശ്രൂഷ ചെയ്തിട്ടുണ്ട്. 1990 മുതൽ 2000 വരെ കോതമംഗലം രൂപതയുടെ ചാൻസിലറായിരുന്ന അദ്ദേഹം 2000 മെയ് മാസത്തിൽ രൂപത മൈനർ സെമിനാരി റെക്ടറായി ചുമതലയേറ്റു. 2003 മാർച്ച് 2-ന് ഇടുക്കി രൂപതയുടെ പ്രഥമ ഇടയനായി അഭിഷിക്തനാകുന്നതുവരെ ഈ സ്ഥാനത്ത് തുടരുകയും ചെയ്തു. ഇക്കാലയളവിൽ തൃക്കാരിയൂർ, തട്ടേക്കണ്ണി എന്നീ ഇടവകകളിൽ വികാരിയായും സേവനം ചെയ്തിരുന്നു.

കോതമംഗലം രൂപതയിലെ അദ്ദേഹത്തിന്റെ പ്രവർത്തന കാലയളവിൽ വൈവിധ്യങ്ങളായ മേഖലകളിൽ അദ്ദേഹം പ്രാഗത്ഭ്യം തെളിയിച്ചിട്ടുണ്ട്. ഒരു നല്ല ഇടയനായി ദൈവജനത്തിന്റെ ആത്മീയ വളർച്ചയ്ക്കുവേണ്ടി അദ്ദേഹം എന്നും അക്ഷീണം പ്രവർത്തിച്ചിരുന്നു. കൂടാതെ ജനപക്ഷത്ത് നിന്നുകൊണ്ട് തന്റെ നിലപാടുകൾ വ്യക്തമായി ഉയർത്തിപ്പിടിക്കുവാനും അതിൽ ഉറച്ചുനിൽക്കുവാനും അദ്ദേഹത്തിനു സാധിച്ചിട്ടുണ്ട്. നീണ്ട 10 വർഷക്കാലം രൂപതാചാൻസലിറായും അഭിവന്ദ്യ മാർ ജോർജ് പുന്നക്കോട്ടിൽ പിതാവിന്റെ സെക്രട്ടറിയായും പ്രവർത്തിച്ച കാലയളവിൽ രൂപതയിൽ പുരോഗമനാത്മക

മായ പല കാര്യങ്ങളും നിർവഹിക്കുവാൻ അദ്ദേഹത്തിനു സാധിച്ചു. നിയോഗിക്കപ്പെട്ട എല്ലാ ശുശ്രൂഷാമേഖലകളിലും ആത്മാർത്ഥത യോടും ഊർജ്ജസ്വലതയോടും കൂടിയായിരുന്നു തന്റെ സേവനങ്ങളെ അദ്ദേഹം ഏകോപിപ്പിച്ചത്. രൂപതയുടെ മൈനർ സെമിനാരി റെക്ടറായി രുന്നുകൊണ്ട് ധാരാളംവൈദികവിദ്യാർത്ഥികളെ വൈദികപരിശീലന ത്തിന്റെ ബാലപാഠങ്ങൾ ഉത്സാഹത്തോടും തീക്ഷ്ണതയോടുംകൂടി പറഞ്ഞ് പഠിപ്പിക്കുവാൻ അദ്ദേഹം ശ്രദ്ധിച്ചിരുന്നു.

കോതമംഗലം രൂപത വിഭജിച്ച് പുതിയ രൂപത നിലവിൽവന്ന പ്പോൾ അതിന്റെ സാരഥ്യം ഏറ്റെടുത്ത് വൈഷമ്യമേറിയ ഏറെ തീരു മാനങ്ങൾ എടുക്കേണ്ടിവന്നപ്പോഴും തന്നെ ഏല്പിക്കപ്പെട്ടവരോടുള്ള ഉത്തരവാദിത്വങ്ങൾ നിറവേറ്റുവാൻ അദ്ദേഹം എപ്പോഴും ശ്രദ്ധാലുവാ യിരുന്നു. ഇടുക്കി രൂപതയുടെ ശൈശവദശയിൽ പരിമിതമായ സൗക ര്യങ്ങളിൽനിന്നുകൊണ്ട് എല്ലാം കെട്ടിപ്പടുക്കുവാൻ ശ്രമിക്കുമ്പോഴും ജനങ്ങളുടെ ക്ഷേമത്തിന് മുൻതൂക്കം കൊടുത്തു. മലയോര കർഷക രുടെ ശബ്ദമായി മാറിയ ഹൈറേഞ്ച് സംരക്ഷണ സമിതിയുടെ രൂപീ കരണത്തിലും അദ്ദേഹത്തിന്റെ പങ്ക് വിസ്മരിക്കാവുന്നതല്ല.

ക്രാന്തദർശിത്വത്തിന്റെയും പ്രവാചകധീരതയുടെയും അടിയറ വുവയ്ക്കാത്ത ആത്മാഭിമാനത്തിന്റെയും ആൾരൂപമായിരുന്ന അഭിവന്ദ്യ മാത്യു ആനിക്കുഴിക്കാട്ടിൽ പിതാവിന്റെ ദേഹവിയോഗം കോതമംഗലം, ഇടുക്കി രൂപതകൾക്കും സഭയ്ക്കും വലിയ നഷ്ടമാണ്. എന്നാൽ ദൈവ സന്നിധിയിൽ ഈ വന്ദ്യപിതാവ് സ്ഥാനം നേടി എന്ന ആത്മീയ ചിന്ത നമുക്കേറെ ആശ്വാസകരമാണ്.

നമ്മുടെ രൂപതയുടെ ആത്മീയവും ഭൗതികവുമായ വളർച്ചയിൽ വലിയ പങ്കുവഹിച്ച അഭിവന്ദ്യ മാർ മാത്യു ആനിക്കുഴിക്കാട്ടിൽ പിതാ വിന്റെ ശുശ്രൂഷകളെ നന്ദിയോടെ അനുസ്മരിക്കുകയും അദ്ദേഹത്തിന്റെ ആത്മശാന്തിക്കായി പ്രാർത്ഥിക്കുകയും ചെയ്യാം.

എന്ന്,

കോതമംഗലം മെത്രാസനമന്ദിരത്തിൽ നിന്ന്

**മാർ ജോർജ്ജ് മഠത്തിക്കണ്ടത്തിൽ**

കോതമംഗലം രൂപതാദ്ധ്യക്ഷൻ

# രൂപതക്കച്ചേരി

C. *29/2020* **കൃതജ്ഞത**

നാമഹേതുക തിരുനാളിനോടനുബന്ധിച്ച് തിരുനാൾ ആശംസകൾ നേരുകയും പ്രാർത്ഥിക്കുകയും ചെയ്ത എല്ലാവർക്കും ഹൃദയപൂർവം നന്ദി പറയുന്നു.

*Bishop*

*JS. 4/2020* **ജൂബിലി സ്മാരക സ്കോളർഷിപ്പ്**

2020 മെയ് 9-ാം തീയതി നടത്തുവാൻ നിശ്ചയിച്ചിരുന്ന മാർ ജോർജ് പുന്നക്കോട്ടിൽ മെത്രാഭിഷേകരജതജൂബിലി സ്മാരക സ്കോളർഷിപ്പ് പരീക്ഷ **ജൂലൈ 11-ാം തീയതി ശനിയാഴ്ച രാവിലെ 10 മുതൽ 12 വരെ കോതമംഗലം ബിഷപ്പ്സ് ഹൗസിൽ** വച്ച് നടത്തുവാൻ ഉദ്ദേശിക്കുന്നു. കോതമംഗലം, ഇടുക്കി രൂപതകളിൽപ്പെട്ട കത്തോലിക്കാ കുട്ടികൾക്ക് മാത്രമാണ് ഇതിൽ പങ്കെടുക്കുവാൻ അർഹതയുള്ളത്. താഴെ പേരുപറഞ്ഞിരിക്കുന്ന ഏതെങ്കിലും കോഴ്സിലേക്ക് 2020-2021 അദ്ധ്യയന വർഷം പ്രവേശനം പ്രതീക്ഷിക്കുന്നവരും ഇപ്പോൾ പഠനം നടത്തുന്നവരുമാണ് സ്കോളർഷിപ്പ് പരീക്ഷ എഴുതേണ്ടത്.

Technical and Professional Studies at Graduate and Post Graduate levels in various branches of Medicine, Engineering, Nursing, Para-Medical courses, Computer Application (Master's Degree only) and Business / Banking Administration (Master's Degree only).

**ഒരിക്കൽ സ്കോളർഷിപ്പ് ലഭിച്ചവർക്കും ഡിസംബർ മാസത്തിനുമുമ്പ് കോഴ്സ് അവസാനിക്കുന്നവർക്കും സ്കോളർഷിപ്പ് ലഭിക്കുന്നതല്ല.**

സൺഡേസ്കൂളിൽ 12-ാം ക്ലാസ്സ് പഠിച്ചിട്ടുള്ളവർ മാത്രമേ പ്രവേശന പരീക്ഷയിൽ പങ്കെടുക്കാവൂ. പ്രവേശനപരീക്ഷയിൽ വിജയിക്കുന്നതിന് 50% മാർക്ക് വാങ്ങേണ്ടതുണ്ട്. സ്കോളർഷിപ്പിന്റെ നിയമാവലിക്ക് കോതമംഗലം രൂപതാനിയമസംഗ്രഹം അനുബന്ധം 14 കാണുക.

**പ്രവേശന പരീക്ഷാ വിഷയങ്ങൾ**

Sunday School Texts - Standards IX, X, XI, XII, പൊതുവിജ്ഞാനം.

*Chancellor*

## മൈനർ സെമിനാരി

*MS. 13/2020* **വൊക്കേഷൻ ക്യാമ്പ്**

കോവിഡ്-19 മൂലം മദ്ധ്യവേനലവധിക്കാലത്ത് പതിവായി നടത്താറുള്ള വൊക്കേഷൻ ക്യാമ്പ് നടത്തുവാൻ സാധിച്ചിട്ടില്ല. രൂപതാ മൈനർ സെമിനാരിയിൽ ചേർന്ന് വൈദികപരിശീലനം നേടാൻ ആഗ്രഹിക്കുന്ന SSLC, Plus Two പരീക്ഷകൾ എഴുതിയിരിക്കുന്നവരും ഉപരിവിദ്യാഭ്യാസ യോഗ്യതയുള്ളവരുമായ കുട്ടികൾ രൂപതാ വൊക്കേഷൻ പ്രമോട്ടറുമായി (ഫാ. തോമസ് വിലങ്ങുപാറയിൽ - Ph. 9947435604) ബന്ധപ്പെടുമല്ലോ.

*MS 14 /2020* **സെമിനാരിക്ക് സാമ്പത്തിക സഹായം നൽകിയവർ**

| | | | |
|---|---|---|---|
| 1 | Mgr. George Oliapuram | ₹ | 50,000 |
| 2 | One Benefactor | ₹ | 20,000 |
| 3 | Adv. Benny P. Thomas | ₹ | 10,000 |
| 4 | Dr. Christina Cecillia Mathew in Memory of her Brother Priests of Thudiyanplackal Family | ₹ | 1,00000 |
| 5 | Francis K. Kuriakose (in memory of Bro. Jose Kavumpuram) | ₹ | 2,000 |

*Rector*

## വിജ്ഞാനഭവൻ

*V. 27/2020* **സൺഡേ സ്കൂൾ HM, അദ്ധ്യാപകരുടെ എണ്ണം**

സൺഡേ സ്കൂൾ HM ആർക്കെങ്കിലും മാറ്റമുണ്ടെങ്കിൽ പുതിയ HM ന്റെ പേരും ഫോൺ നമ്പറും അദ്ധ്യാപകരുടെ എണ്ണവും വിജ്ഞാനഭവൻ WhatsApp Group-ൽ മെയ് 5-ന് മുമ്പ് അറിയിക്കണം.

*V. 28/2020* **വിശുദ്ധരുടെ പുസ്തകം**

I മുതൽ XIIവരെ ക്ലാസ്സുകളിലേക്കുള്ള ഉപപാഠപുസ്തകമായി വിശുദ്ധരുടെ ജീവചരിത്രം ഈ അദ്ധ്യയനവർഷത്തിലും ഉണ്ടായിരിക്കുന്നതാണ്. എല്ലാ കുട്ടികൾക്കും ഉപപാഠപുസ്തകം ഉണ്ടെന്ന് അദ്ധ്യാപകർ ഉറപ്പുവരുത്തണം.

### *V. 29/2020* Q Cat Quiz മത്സരം

Lock down കാലത്തെ വിശ്വാസപരിശീലനത്തിന്റെ ഭാഗമായി നടത്തിയ Q Cat Online Quiz മത്സരം വളരെ ഭംഗിയായി നടന്നു. എല്ലാ ഇടവകകളിൽനിന്നുംതന്നെ കുട്ടികൾ വളരെ താല്പര്യത്തോടെ ഇതിൽ പങ്കെടുത്തു. 1456 കുട്ടികളാണ് ആകെ പങ്കെടുത്തത്. അതിനായി കുട്ടികളെ പ്രോത്സാഹിപ്പിച്ച ബഹു. അച്ചന്മാരെയും അദ്ധ്യാപകരെയും മാതാപിതാക്കളെയും നന്ദിയോടെ ഓർമ്മിക്കുന്നു. ഈ quiz യാഥാർത്ഥ്യമാക്കാൻ സഹായിച്ച ബഹു. തോമസ് വട്ടത്തോട്ടത്തിലച്ചനും മറ്റെല്ലാ അച്ചന്മാർക്കും പ്രത്യേകം നന്ദി. സമ്മാനാർഹരായ എല്ലാ കുട്ടികൾക്കും അഭിനന്ദനങ്ങൾ. രൂപതാതലത്തിൽ സമ്മാനാർഹരായവർ:

I - ആൻ മരിയ ലിജു കുന്നത്ത്, പെരുമ്പിള്ളിച്ചിറ
II - അഷിത ബെന്നി കൊളവേലിൽ, നാകപ്പുഴ
III - അഗസ ബെന്നി കോലത്തുപടവിൽ, പൈങ്ങോട്ടൂർ

ഫൊറോന തലത്തിൽ സമ്മാനാർഹരായവരുടെ ലിസ്റ്റ് പിന്നീട് പ്രസിദ്ധീകരിക്കുന്നതാണ്. ഇടവകതലത്തിൽ സമ്മാനങ്ങൾ നൽകാൻ താല്പര്യമുള്ള ഇടവകകൾ ആവശ്യപ്പെട്ടാൽ separate list നൽകുന്നതാണ്. കൂടുതൽ കുട്ടികളെ പങ്കെടുപ്പിച്ച ഇടവകകൾക്കും സമ്മാനങ്ങൾ ഉണ്ടായിരിക്കും.

*Director*

## ചെറുപുഷ്പ മിഷൻലീഗ്

### *CML 24/2020* വാർഷിക റിപ്പോർട്ട്

നിലവിലെ സാഹചര്യം പരിഗണിച്ച് ശാഖ-മേഖല വാർഷിക റിപ്പോർട്ട് രൂപതയിൽ ഏല്പിക്കുവാനുള്ള അവസാന തീയതി പുനഃക്രമീകരിച്ചിട്ടുണ്ട്. മെയ് 3-ന് ശേഷം കൂടുതൽ ഇളവുകൾ പ്രഖ്യാപിക്കുന്ന പക്ഷം മെയ് 20-നകം റിപ്പോർട്ട് നൽകാൻ ശ്രദ്ധിക്കുമല്ലോ. ഈ തീയതിയിൽ മാറ്റം വരികയാണെങ്കിൽ പിന്നീട് അറിയിക്കുന്നതാണ്.

### *CML 25/2020* ചെറുസൂനം ക്വിസ്

ശാഖാതലത്തിൽ ചെറുസൂനം ക്വിസ് വിജയികളായവർക്കുള്ള രൂപതാതല മത്സരം ഓൺലൈനായി നടത്തുന്നു. മെയ്മാസത്തിൽ സൗകര്യപ്രദമായ തീയതിയിലായിരിക്കും മത്സരം നടക്കുക. കൂടുതൽ

വിവരങ്ങൾ പിന്നീട് അറിയിക്കും.

വചനഭേരി ക്വിസ് മത്സരം ഈ വർഷം ഉണ്ടായിരിക്കുന്നതല്ല.

*Director*

## യുവദീപ്തി

*YD 5/2020* **തിരുസന്നിധിയിൽ**

കോവിഡ്-19 പശ്ചാത്തലത്തിൽ രൂപതാസമിതി ഓൺലൈനിൽ ഒരുമിച്ചുചേർന്ന് കുരിശിന്റെ വഴി, ജപമാല, കരുണക്കൊന്ത എന്നിവ എല്ലാദിവസവും 3 മണിക്ക് നടത്തിവരുന്നു. ഓരോ ദിവസവും പ്രത്യേകം നിയോഗങ്ങൾ സമർപ്പിച്ച് പ്രാർത്ഥിക്കുന്നു

*YD 6/2020* **സംസ്ഥാനസമിതിയോടൊപ്പം**

സംസ്ഥാന ഡയറക്ടർ, പ്രസിഡന്റ്, ഭാരവാഹികൾ എന്നിവരടങ്ങുന്ന ടീം രൂപതാസമിതിയുമായി മീറ്റിംഗ് നടത്തുകയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും നിർദ്ദേശങ്ങൾ ആരായുകയും ചെയ്തു.

*YD 7/2020* **കോവിഡ് സന്നദ്ധസേന രൂപീകരണം**

കോവിഡ് സമൂഹവ്യാപനം തടയുന്നതിനായി സംസ്ഥാനസമിതിയുടെ നേതൃത്വത്തിൽ രൂപീകരിക്കപ്പെട്ട കോവിഡ് സന്നദ്ധസേനയിൽ വിവിധ യൂണിറ്റുകളിൽനിന്നുള്ള യുവജനങ്ങൾ അംഗങ്ങളായി രജിസ്റ്റർ ചെയ്യുകയും അവർക്കാവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു.

*YD 8/2020* **കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ**

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ പദ്ധതികളോട് സഹകരിച്ച് കെ.സി.വൈ എം.-ന്റെ നേതൃത്വത്തിൽ മാസ്കുകളും സാനിറ്റൈസറുകളും നിർമ്മിക്കുകയും മൂവാറ്റുപുഴ നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ വച്ചു നടന്ന ചടങ്ങിൽ മൂവാറ്റുപുഴ ആർ.ഡി.ഒ. സാബു കെ. ഐസക്, ഡെപ്യൂട്ടി തഹസീൽദാർ മധു എന്നിവർക്ക് കൈമാറുകയും ചെയ്തു. യുവജനങ്ങളുടെ നേതൃത്വത്തിൽ നിർമ്മല കോളേജ് ഓഫ് ഫാർമസിയിൽ തയ്യാറാക്കിയ 25 ലിറ്റർ സാനിറ്റൈസറുകളും വിവിധ യൂണിറ്റുകളുടെ സഹ

കരണത്തോടെ നിർമ്മിച്ച 1800 മാസ്കുകളുമാണ് രൂപതാ പ്രസിഡന്റ് ജിബിൻ ജോർജിന്റെ നേതൃത്വത്തിൽ കൈമാറിയത്. നെസ്റ്റ് ഡയറക്ടർ റവ. ഡോ. ജോർജ് കാരക്കുന്നേൽ, കെസി.വൈ.എം. രൂപതാ ഡയറക്ടർ ഫാ. സിറിയക് ഞാളൂർ, ആനിമേറ്റർ സി. റെനിറ്റ് എഫ്.സി.സി. ജനറൽ സെക്രട്ടറി ജോർബിൻ ബേബി, മിഷൻലീഗ് രൂപതാ ഡയറക്ടർ ഫാ. സിറിയക് കോടമുള്ളിൽ എന്നിവർ പങ്കെടുത്തു.

### *YD 9/2020* ജാഗ്രതയുടെ കാലം ജൈവകൃഷിക്കായി

യുവജനങ്ങൾക്കിടയിൽ വിഷരഹിതമായ ഭക്ഷണ സംസ്കാരം പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ലോക്ക് ഡൗൺ സമയത്ത് വീട്ടിൽ ഇരിക്കുന്ന യുവജനങ്ങൾക്കുവേണ്ടി രൂപതാതലത്തിൽ ജൈവ പച്ചക്കറിത്തോട്ട മത്സരം നടത്തപ്പെടുന്നു. വീട്ടുമുറ്റം, അടുക്കള, ടെറസ് എന്നിവിടങ്ങളിൽ കൃഷിചെയ്യുന്ന പച്ചക്കറി ഇനങ്ങൾ മാത്രമാണ് വിലയിരുത്തലിന് പരിഗണിക്കപ്പെടുക. രാസവളങ്ങൾ, കീടനാശിനികൾ എന്നിവ ഉപയോഗിക്കരുത്. ഇടവകതലത്തിലും ഫൊറോനതലത്തിലും രൂപതതലത്തിലും വിജയികളെ തെരഞ്ഞെടുക്കുന്നതാണ്. ജൂൺ 5-ന് രൂപതാതല വിലയിരുത്തൽ നടത്തപ്പെടുന്നതാണ്.

### *YD 10/2020* ആകാശപ്പറവകൾക്കൊരു കൈത്താങ്ങ്

വേനൽ ചൂടിനെ അതിജീവിക്കാൻ മാർഗ്ഗം തേടുന്ന പക്ഷികൾക്കു വെള്ളം സജ്ജീകരിക്കുക എന്ന ഉദ്ദേശത്തോടെ ലോക്ക് ഡൗൺ കാലത്ത് വീട്ടിലിരിക്കുന്ന യുവജനങ്ങൾക്കായി യുവദീപ്തി, കെ.സി.വൈ.എം. കോതമംഗലം രൂപത 'ആകാശപ്പറവകൾക്കൊരു കൈത്താങ്ങ്' എന്ന പേരിൽ ഓൺലൈൻ മത്സരം സംഘടിപ്പിച്ചു. കേരളത്തിലെ വിവിധ രൂപതകളിൽനിന്നും യുവജനങ്ങൾ പങ്കെടുത്തു. വിജയികളായവരുടെ പേരുകൾ ചുവടെ ചേർക്കുന്നു. വിജയികൾക്ക് അഭിനന്ദനങ്ങൾ.

I - റ്റിബിൻ വർഗീസ്, മാനന്തവാടി രൂപത
II - ആൻമേരി ജോൺ, കോതമംഗലം രൂപത (വാഴക്കുളം യൂണിറ്റ്)
III - അലീന മരിയ തോമസ്, കോതമംഗലം രൂപത (വാഴക്കുളം യൂണിറ്റ്)

### *YD 11/2020* ഈസ്റ്റർ എഗ്ഗ് ചലഞ്ച്

മൃത്യുവിനെ പരാജയപ്പെടുത്തിയ പുതുജീവന്റെയും ആനന്ദത്തിന്റെയും ഈസ്റ്റർ ദിനത്തിൽ കോതമംഗലം രൂപതയിലെ യുവജനങ്ങൾക്കായി ഈസ്റ്റർ എഗ്ഗ് ചലഞ്ച് നടത്തി. പങ്കെടുത്ത 14 മത്സരാർത്ഥികളിൽനിന്നും വിജയികളായവരുടെ പേരുകൾ ചുവടെ ചേർക്കുന്നു.

I – അലീന മരിയ തോമസ്, വാഴക്കുളം യൂണിറ്റ്
II – അനീഷ് മാത്യു, കാളിയാർ യൂണിറ്റ്
III – ആൻ മേരി ജോൺ & ടോൺസി ജോൺ, വാഴക്കുളം യൂണിറ്റ്

പങ്കെടുത്ത എല്ലാവരുടെയും making വീഡിയോസ് കൂട്ടിച്ചേർത്തു നിർമ്മിച്ച വിഡിയോ യുവദീപ്തി, കെ.സി.വൈ.എം. കോതമംഗലം രൂപതയുടെ യൂട്യൂബ് ചാനലിൽ ലഭ്യമാണ്.

*YD 12/2020* **പ്രാർത്ഥനാശംസകൾ**

ഏപ്രിൽ 24-ാം തീയതി നാമഹേതുക തിരുനാൾ ആഘോഷിച്ച അഭിവന്ദ്യ മാർ ജോർജ് ആലഞ്ചേരി പിതാവിനും അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവിനും ബിഷപ്പ് എമിരിറ്റസ് അഭിവന്ദ്യ മാർ ജോർജ് പുന്നക്കോട്ടിൽ പിതാവിനും രൂപതയിലെ ജോർജ് നാമധാരികളായ എല്ലാ വൈദികർക്കും യുവദീപ്തി കെ.സി.വൈ.എം. കോതമംഗലം രൂപതയുടെ പ്രാർത്ഥനാശംസകൾ.

*Director*

## അല്മായ ഫ്രാൻസിസ്കൻ സഭ

*SFO 7/2020*

March 28 രൂപതാതല തീർത്ഥാടനം ഒഴിവാക്കി പ്രാർത്ഥനാദിനമായി ആചരിച്ചു.

ഏപ്രിൽ 7 മുതൽ 14 വരെ രൂപതയിലെ ഭ്രാതൃത്വങ്ങൾ മാറി മാറി പ്രാർത്ഥിച്ചു covid നെതിരെ ചങ്ങല തീർത്തു.

7/4 - Nirmala Matha, Anicadu, Velielchal
8/4 - Muvattupuzha, Perumballoor
9/4 - Enanalloor, Kadalikad, Kallanickal, Nellimattam
11/4 - Loreto, Kolbe, Alakode, Njarakad
13/4 - Kuninji, Pallikamury, Purapuzha, Thodupuzha Town
14/4 - Vazhakulam, Vandamattam, Kodikulam

Muvattupuzha നഗരസഭയുടെ സമൂഹ അടുക്കളയിൽ അരി സംഭാവന ചെയ്തു.

*Director*

# കേരള ലേബർ മൂവ്മെന്റ്

*KLM 12/2020* **ക്ഷേമനിധി അംഗങ്ങൾക്കുള്ള ധനസഹായം**

കേരള ലേബർ മൂവ്മെന്റ് തൊഴിലാളി ക്ഷേമനിധിയിൽ അംഗമായി ചേർന്നിട്ടുള്ള മുഴുവൻ ആളുകൾക്കും കോവിഡ് മഹാമാരിയെ തുടർന്ന് സർക്കാർ പ്രഖ്യാപിച്ച 1000 രൂപ ധനസഹായം ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ചു കഴിഞ്ഞിരിക്കുകയാണ് വിവിധ ക്ഷേമനിധികളിലായി 800 ൽപരം ആളുകൾക്ക് പദ്ധതിയുടെ ആനുകൂല്യം ലഭിക്കും. ഇനിയും അപേക്ഷ തരാൻ സാധിക്കാത്ത ക്ഷേമനിധി അംഗങ്ങൾ എത്രയും വേഗം താഴെപ്പറയുന്ന നമ്പറിൽ ബന്ധപ്പെടുക. 9188778180

*Director*

## നമ്മുടെ പ്രാർത്ഥനയിൽ ഓർക്കാം

| | | |
|---|---|---|
| ഫാ. കുര്യാക്കോസ് വട്ടക്കുന്നുംപുറം | ചരമദിനം | 07-06-1975 |
| ഫാ. ജോൺ കൊച്ചുമുട്ടം | ” | 11-06-1973 |
| ഫാ. ജോസ് പീച്ചാട്ട് | ” | 11-06-2016 |
| ഫാ. ജോർജ് പടിഞ്ഞാറേക്കൂറ്റ് (Sr.) | ” | 14-06-1966 |
| ഫാ. ജോർജ് നമ്പ്യാപറമ്പിൽ | ” | 25-06-1995 |
| ഫാ. മാത്യു മൂഞ്ഞനാട്ട് | ” | 26-06-2014 |
| ഫാ. ജോർജ് പടിഞ്ഞാറയിൽ | ” | 28-06-2004 |

# നിര്യാതയായി

## സി. ഫ്രാൻസിയ MSJ (അറത്തിൽ)

| | | |
|---|---|---|
| ഇടവക | - | കുഞ്ചിത്തണ്ണി |
| ജനനം | - | 04-11-1965 |
| ആദ്യവ്രതം | - | 04-11-1991 |
| നിത്യവ്രതം | - | 18-10-1997 |
| മരണം | - | 16-04-2020 |
| മൃതസംസ്കാരം | - | 17-04-2020 (തങ്കളം) |

# ആദരാഞ്ജലികൾ



## റവ. ഫാ. ജയിംസ് കുര്യനാൽ




| | | |
|---|---|---|
| **ഇടവക** | : | **പുറപ്പുഴ** |
| **ജനനം** | : | **01.03.1959** |
| **തിരുപ്പട്ടം** | : | **27.12.1984** |
| **മരണം** | : | **03.04.2020** |


**സേവനരംഗങ്ങൾ :**

| | | |
|---|---|---|
| **അസി. വികാരി** | – | നെടുങ്കണ്ടം, കല്ലുർക്കാട്, ആരക്കുഴ, തങ്കമണി |
| **വികാരി** | – | ഏഴല്ലൂർ, വ്യൂർസ്ബുർഗ് രൂപത (ജർമ്മനി) – 2017 – 2020 |
| **പ്രൊഫസർ** | – | സെന്റ് എഫ്രേം തിയോളജിക്കൽ കോളേജ്, സത്ന<br>സെന്റ് പീറ്റേഴ്സ് പൊന്തിഫിക്കൽ ഇൻസ്റ്റിറ്റ്യൂട്ട്, ബാംഗളൂർ<br>സെന്റ് മേരീസ് മലങ്കര മേജർ സെമിനാരി, തിരുവനന്തപുരം |


Deivarajyam May 2020
●R.N.7623/63
Registered No. KL/ALY/0020/2020-2022
Date of publication: 1/5/2020
●Posted at Thodupuzha Stg.
Annual Subscription ₹ 100.00



St. Athanasius





St. Philip



St. James



St Dominic Savio




St Mathias



The Ascension
Of Jesus Christ

Printed at Sanjo Offset Press, Kothamangalam
Printer & Publisher Rev. Dr. George Thekkekara
Bishop's House, Kothamangalam - 686 691